പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2051 07.07.2015-ൽ മറുപടിക്ക്

<u>ഗുരുവായൂർ-തിരുനാവായ റെയിൽവേ ലൈൻ</u>

<u>ചോദ്യം</u> | <u>ഉത്തരം</u>

ശ്രീ. ബാബു എം. പാലിശ്ശേരി : | ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഗുരുവായൂർ-തിരുനാവായ റെയിൽവെ ലൈൻ പ്രവൃത്തികളുടെ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (എ) | ഗുരുവായൂർ - തിരുനാവായ റെയിൽവേ ലൈനിന്റെ മലപ്പുറം ജില്ലയിലെ അലൈൻമെന്റ് മലപ്പുറം ജില്ലാ കളക്ടറും റെയിൽവേയും കൂടി നിർദ്ദേശിച്ചിട്ടുള്ള, കനോലി-കനാലിന് സമീപത്തുകൂടി അന്തിമമായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പിന്നീട് 27.10.2014-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ കൂടിയ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിൽ കുന്നംകുളം വഴിയുള്ള അലൈൻമെന്റിനെ സംബന്ധിച്ച് സർക്കാർ തീരുമാനം കൈക്കൊണ്ട് റെയിൽവേക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ അലൈൻമെന്റ് പരിഗണിച്ച് വിശദമായ സർവ്വേ നടപടികൾ നടത്തുന്നതിന് റെയിൽവേ അനുമതി നൽകിയിട്ടുണ്ട്.<br>ലൊക്കേഷൻ സർവ്വെ പൂർത്തിയായിട്ടില്ല. ആയത് പൂർത്തിയാകുന്ന മുറക്ക് മാത്രമേ സർവ്വെ നടപടികൾ ആരംഭിക്കുകയുള്ളൂ.<br>ഗുരുവായൂർ മുതൽ കുന്നംകുളം വരെയുള്ള ഭാഗത്ത് ഭാഗിക പ്രവർത്തികൾക്കായി 62 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റിന് റെയിൽവേ ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഭൂമി ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | 0.20 ഹെക്ടർ ഗുരുവായൂർ യാർഡിനായി ഏറ്റെടുത്തു നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത റെയിൽപ്പാത യഥാർത്ഥ്യമാക്കുന്നതിന് റെയിൽവെയുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | ബജറ്റിന് മുന്നോടിയായി റെയിൽവേയ്ക്ക് സമർപ്പിച്ച മെമ്മോറാണ്ടത്തിലൂടെയും, കേരളത്തിലെ എം.പി.മാർ മുഖേനയും ഈ റെയിൽ പാത നിർമ്മാണം ത്വരിതപ്പെടുത്താൻ സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിനോടാവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ